(ബി) നഗരത്തിലെ പെട്ടെന്ന് കേടുവരാൻ സാദ്ധ്യതയുള്ള പി. ഡബ്ല്യു. ഡി. റോഡുകൾ റബ്ബറൈസ് ചെയ്യാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ;

(സി) വളവുകൾ ഉള്ള സ്ഥലങ്ങളിൽ റോഡ് പെട്ടെന്ന് കേടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ഇത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ ലഭ്യമായ നാച്ചുറൽ റബർ modified bitumen (NRMB) ഉപയോഗിച്ച് റോഡ് ഉപരിതലങ്ങൾ പുതുക്കി വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി ആന്റ് ഇ) വാഹനങ്ങൾ വളവു ഭാഗങ്ങളിൽ തിരിഞ്ഞുപോകുന്നതിനുള്ള സ്ഥലത്തിന്റെ പരിമിതിമൂലം ബ്രേക്ക് ചവിട്ടുമ്പോൾ ഓയിലിന്റെ അംശം റോഡിൽ വീഴുന്നതുമൂലവും ടയറിന്റെ ഉരസൽമൂലവും വളവു ഭാഗങ്ങൾക്ക് കേട് സംഭവിക്കാറുണ്ട്. ഇത് പരിഹരിക്കുന്നതിനു വേണ്ടി വളവുകൾ നിവർക്കുകയും സൂപ്പർ എലിവേഷൻ ശരിയായ രീതിയിൽ ആക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്.

കാസർഗോഡ് ജില്ലയിൽ പണി പൂർത്തീകരിച്ച റോഡുകളും പാലങ്ങളും

275 [2331] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മുൻ ഗവൺമെന്റുകളുടെ കാലത്ത് തുടങ്ങിയ എത്ര റോഡുകളും പാലങ്ങളും പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും എന്ത് തുക പ്രസ്തുത ഓരോ പദ്ധതിക്കും ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ പൊതുമരാമത്തിന്റെ കീഴിലുള്ള ഏതെല്ലാം പ്രവർത്തികൾക്ക് ഗവൺമെന്റ് ഭരണാനുമതി നൽകിയെന്നും അവ ഏതെല്ലാമാണെന്നും അതിന് ഓരോന്നിനും എന്തു തുക വീതം ചെലവാകുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പണി പൂർത്തീകരിച്ചിട്ടുണ്ട്;

(ഡി) ബാക്കിയുള്ള പദ്ധതികൾ എന്നത്തേക്കു പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുതുതായി ഏതെല്ലാം പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത ഓരോ പദ്ധതികൾക്കും എന്തു തുക ചെലവാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുൻ ഗവൺമെന്റുകളുടെ കാലത്ത് പണി പൂർത്തീകരിച്ചിട്ടുള്ള റോഡുകളുടെയും പാലങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:

പ്രാദേശിക പാതാ വിഭാഗം:

1. ചന്ദ്രഗിരി പാലത്തിന്റെ തെക്കുഭാഗം റോഡ് (197 ലക്ഷം)
2. കരന്തക്കാട് ഇന്റർസെക്ഷന്റെ പ്രവൃത്തി (14.65 ലക്ഷം)
3. കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ കിലോമീറ്റർ 50/650 മുതൽ 52/350 വരെയുള്ള നാലുവരിപ്പാതയുടെ പ്രവൃത്തി (77.50 ലക്ഷം)

റോഡുകളും പാലങ്ങളും വിഭാഗം:

1. പല്ലംകോട് പാലം .. (272 ലക്ഷം)
2. പൊങ്ങംചാൽ പാലം .. (89 ലക്ഷം)
3. കൊട്ടോടി പാലം .. (0.66 ലക്ഷം)
4. കുടുമ്പൂർ പാലം .. (92 ലക്ഷം)
5. മീങ്ങോടത്ത് പാലം .. (67 ലക്ഷം)
6. മുണ്ടോട്ട് പാലം .. (54 ലക്ഷം)
7. പാറക്കടവ് പാലം .. (217 ലക്ഷം)
8. കല്ലിഗെ പാലം .. (213 ലക്ഷം)
9. ഓടയംചാല-ചെറുപുഴ റോഡ് .. (113 ലക്ഷം)

(ബി) കെ. എസ്. റ്റി. പി. മുഖേന ചേർക്കള-ജാൽസൂർ റോഡ് പണി പൂർത്തിയായി. 31-3-2004 വരെ 10.3 കോടി രൂപ ചെലവായി. റോഡുകളും പാലങ്ങളും വിഭാഗത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1.	ചുള്ളിക്കര പാലം	.. (50 ലക്ഷം)
2.	പത്വാടി പാലം	.. (210 ലക്ഷം)
3.	എൽക്കാന പാലം	.. (276 ലക്ഷം)
4.	പെരുമ്പാളക്കടവ് പാലം	.. (515 ലക്ഷം)
5.	എരുതുംകടവ് പാലം	.. (85 ലക്ഷം)
6.	ചിറപ്പുറം പാലം	.. (30 ലക്ഷം)
7.	ഒടയംചാൽ പാലം	.. (64 ലക്ഷം)
8.	ഇരിഞ്ഞിലംകോട് പാലം	.. (95 ലക്ഷം)
9.	കല്ലടുക്ക-ചേർക്കല റോഡ്	.. (64 ലക്ഷം)
10.	ചീമേനി-പാലക്കടവ് ഓടക്കൊല്ലി റോഡ് കിലോമീറ്റർ 24/500 32/000	.. (102 ലക്ഷം)
11.	ഹോസ്ദുർഗ്-നീലേശ്വരം മടിക്കൈ റോഡ്	.. (100 ലക്ഷം)
12.	മഞ്ചേശ്വരം ഉക്കട റോഡ്	.. (156 ലക്ഷം)
13.	ഉപ്പള-കന്യാന റോഡ്	.. (150 ലക്ഷം)
14.	ചേർക്കള ജംഗ്ഷന്റെ പുനരുദ്ധാരണ പ്രവർത്തി	.. (50 ലക്ഷം)
15.	കാനത്തൂർ ഇരിഞ്ഞപ്പുഴ കുറ്റക്കോൽ റോഡ്	.. (50 ലക്ഷം)
16.	ഉദുമ തെക്കിൽ റോഡ്	.. (80 ലക്ഷം)
17.	പള്ളിക്കര പെരിയ റോഡ്	.. (80 ലക്ഷം)
18.	വിദ്യാനഗർ-മെയ്പ്പാടി സീതാംഗോളി റോഡ്	.. (60 ലക്ഷം)
19.	വെള്ളരിക്കുണ്ട് പാലം	.. (30 ലക്ഷം)
20.	ഉക്കട പാലം	.. (302 ലക്ഷം)

LIBRARY ARCHIVES Kerala Legislative Assembly

(സി) ചെർക്കള-ജാൽസൂർ റോഡ്, പള്ളിക്കര-പെരിയ റോഡ്, വിദ്യാനഗർ-മെയ്പാടി-സീതാംഗോളി റോഡ് എന്നീ പണികൾ പൂർത്തിയായി.

(ഡി) രണ്ടു വർഷത്തിനകം പൂർത്തിയാക്കാമെന്ന് കരുതുന്നു.

(ഇ ആന്റ് എഫ്) കെ. എസ്. റ്റി. പി. മുഖേന കാസർഗോഡ് കാഞ്ഞങ്ങാട് റോഡ് (28 കിലോമീറ്റർ) രണ്ടാംഘട്ട അപ്ഗ്രഡേഷനിൽ ഉൾപ്പെടുത്തി പണികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. റോഡുകളും പാലങ്ങളും വിഭാഗത്തിൽ പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഒന്നും തന്നെ എടുത്തിട്ടില്ല.

തൃശ്ശൂർ ജില്ലയിൽ വേൾഡ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ

276 [2332] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വേൾഡ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര റോഡുകൾ നിർമ്മിച്ചിട്ടുണ്ട്; ഓരോ റോഡുകളുടേയും നിർമ്മാണത്തിനായി എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കാമോ;

(ബി) കൂർക്കഞ്ചേരി- കൊടുങ്ങല്ലൂർ റോഡ്, പെരുമ്പിളിശ്ശേരി-തൃപ്രയാർ റോഡിന്റെ സൈഡ് എന്നിവ ശരിയായ വിധത്തിൽ പണി നടത്താത്തതിനാൽ അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനു പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഈ റോഡുകളുടെ സൈഡുകളിൽ കാന കെട്ടുകയോ, സൈഡ് പ്രൊട്ടക്ഷൻ നടത്തുകയോ ചെയ്യാതിരുന്ന കരാറുകാർക്ക് മുഴുവൻ തുകയും കൊടുക്കുവാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത റോഡുകളുടെ പണികളെല്ലാം പൂർത്തിയായി എന്ന് ആരാണ് സാക്ഷ്യപ്പെടുത്തി കൊടുത്തത്; തെറ്റായ വിധത്തിൽ സാക്ഷ്യപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(എഫ്) റോഡുകളുടെ നിർമ്മാണത്തിലെ പോരായ്മകൾ സംബന്ധിച്ച് കെ. എസ്. ടി. പി. ചെയർമാന് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly